പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1647 18/06/2012 - ൽ മറുപടിക്ക്

## തൃക്കരിപ്പൂർ കല്ലുമ്മേക്കായ കർഷകരുടെ ഉന്നമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| തൃക്കരിപ്പൂരിലെ ഉൾനാടൻ ജലാശയങ്ങളിൽ വ്യാപകമായിട്ടുള്ള കല്ലുമ്മേക്കായ കൃഷിചെയ്യുന്ന കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനായി വകുപ്പിൻ കീഴിൽ ഉൽപാദനം, സംഭരണം, വിപണനം എന്നിവയ്ക്കുള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന 'മത്സ്യ സമൃദ്ധി' പദ്ധതിയുടെ ഒരു ഘടക പദ്ധതിയായി 'കല്ലുമ്മേക്കായ കൃഷി' ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യ വർഷത്തിൽ 1000 യൂണിറ്റ് നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി യൂണിറ്റിന് (25 സ്ക്വയർ മീറ്റർ) 2500 രൂപ സബ്സിഡിയായി കർഷകർക്ക് നൽകും. കാസർഗോഡ് ജില്ലയിൽ 700 യൂണിറ്റ് കല്ലുമ്മേക്കായ കൃഷി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. തൃക്കരിപ്പൂരിലെ ഉൾനാടൻ ജലാശയങ്ങളിൽ കല്ലുമ്മേക്കായ കൃഷി ചെയ്യുന്ന കർഷകർക്കും പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ